**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 970** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഭൂമി ഏറ്റെടുക്കൽ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പൊതുമരാമത്തു വകുപ്പിന് കീഴിൽ (കിഫ്ബി ഉൾപ്പെടെ) ബേപ്പൂർ നിയോജക മണ്ഡലത്തിൽ ഭൂമി ഏറ്റെടുക്കൽ പുരോഗമിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** **പാലങ്ങൾ**

അനുബന്ധം 1 ആയി ചേർക്കുന്നു.

**നിരത്തുകൾ**

ബേപ്പൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് നിരത്ത് "Developing old NH Feroke road to Four lane from Feroke Old Bridge to New Bridge in Kozhikode District" എന്ന പ്രവൃത്തിക്ക് 720 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ റീ കാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**കെ.ആർ.എഫ്.ബി**

രാമനാട്ടുകര - വട്ടക്കിണർ റോഡ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ച് വരുന്നു.

**കെ.ആർ.എഫ്.ബി - പി.എം.യു**

അനുബന്ധം 2 ആയി ചേർക്കുന്നു.

**(ബി)** പ്രസ്തുത പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** **കെ.ആർ.എഫ്.ബി**

ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി ഫണ്ട് അനുവദിക്കുന്ന മുറക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

## ANNEXURE-II - KRFB PMU

| Sl. No | Name of work | Remarks |
|---|---|---|
| 1 | ബേപ്പൂർ - ചെറുവണ്ണൂർ റോഡ് | പ്രസ്തുത പ്രവർത്തിക്ക് 20.08.2018-ലെ GO (Rt) No. 1192/2016/PWD പ്രകാരം 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 16.09.2019-ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 11.50 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. 27.02.2026-ൽ ഭൂമി ഏറ്റെടുക്കുന്നതിനുൾപ്പടെ 150.468 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. 94.40 കോടി രൂപ എൽ എ കോസ്റ്റ് ഇനത്തിൽ 31.03.2026 തീയതിയ്ക്ക് തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്. |
| 2 | പുലിമുട്ട് - വട്ടക്കിണർ റോഡ് | പ്രസ്തുത പ്രവർത്തിക്ക് 10.07.2017-ലെ GO (Rt) No. 942/2017/PWD പ്രകാരം 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 15.02.2020-ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 36.67 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. നിലവിൽ 11(1) പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| 3 | ഫറോക്ക് ROB അപ്പ്രോച്ച് റോഡ് | പ്രസ്തുത പ്രവർത്തിക്ക് 10.07.2017-ലെ GO (Rt) No. 942/2017/PWD പ്രകാരം 30 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 15.02.2020-ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 2.90 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. നിലവിൽ 11(1) പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| 4 | ഫറോക്ക് പേട്ട ജംഗ്ഷൻ നവീകരണം | പ്രസ്തുത പ്രവർത്തിക്ക് 05.11.2022-ലെ G.O.(Rt) No.1069/2022/PWD പ്രകാരം 200 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 09.03.2024-ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 11.96 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. നിലവിൽ 11(1) പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| 5 | തീരദേശ പാത - ബേപ്പൂർ പാലം | പ്രസ്തുത പ്രവർത്തിക്ക് 10.07.2017-ലെ GO (Rt) No. 942/2017/PWD പ്രകാരം 6500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 27.11.2024-ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 4.42 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. നിലവിൽ 11(1) പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| 6 | തീരദേശ പാത - കടലുണ്ടി കടവ് മുതൽ മടത്തിൽപാടം | പ്രസ്തുത പ്രവർത്തിക്ക് 10.07.2017-ലെ GO (Rt) No. 942/2017/PWD പ്രകാരം 6500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 22.08.2023-ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 10.11 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. നിലവിൽ |

| | | |
|---|---|---|
| | വരെ | അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തി നാട്ടുകാരുടെ പ്രതിഷേധം കാരണം നിർത്തിവെച്ചിട്ടുള്ളതാണ്. |
| 7 | തീരദേശ പാത - BC റോഡ് മുതൽ കോതി ബ്രിഡ്ജ് വരെ | പ്രസ്തുത പ്രവർത്തിക്ക് 10.07.2017-ലെ GO (Rt) No. 942/2017/PWD പ്രകാരം 6500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 22.08.2023-ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 86.24 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. നിലവിൽ അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തി നാട്ടുകാരുടെ പ്രതിഷേധം കാരണം നിർത്തിവെച്ചിട്ടുള്ളതാണ്. |

# BRIDGES ANNEXURE I

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭൂമി ഏറ്റെടുക്കൽ നിലവിലെ സ്ഥിതി |
|---|---|---|
| 1 | RIDF TRANCHE, XXVIII 2022-23 —കോഴിക്കോട് ജില്ലയിലെ കനോലി കനാലിന് കുറുകെയുള്ള തൊണ്ടിലക്കടവ് പാലത്തിന്റെ നിർമ്മാണം | ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് തിരുത്തൽ വിജ്ഞാപനം 29/05/2026 തീയതിയിൽ പ്രസിദ്ധീകരിച്ചു. തുടർനടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. |
| 2 | കടലുണ്ടി ROB | ROB നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കുന്നതിനായി സ.ഉ.(സാധാ) നം.420/2026/പൊ.മ.വ.തീയതി 13.03.2026 സർക്കാർ ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനായുള്ള റിക്വസിഷൻ റവന്യൂ വകുപ്പിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |